# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122 05.02.2019 ലെ മറുപടിക്ക്

## സുഗന്ധവ്യഞ്ജനങ്ങളുടെ വിലത്തകർച്ച

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഒ. ആർ. കേളു<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ.എം. രാജഗോപാലൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) കുരുമുളക്,ഏലം മുതലായവ ആസിയാൻ രാജ്യങ്ങളിൽ നിന്ന് അനിയന്ത്രിതമായി ഇറക്കുമതി ചെയ്യുന്നതും ഗുണനിലവാരം കുറഞ്ഞ ഇവ സംസ്ഥാനത്തുല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഉല്പന്നങ്ങളുമായി കൂട്ടിക്കലർത്തി വിൽക്കുന്നതും വിലയിടിവിന് കാരണമായിരിക്കുന്നതിനാൽ സംസ്ഥാനത്തിന്റെ തനത് ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗ് സാധ്യമാകുമോ; | (എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഗുണമേൻമയുള്ള സുഗന്ധവ്യഞ്ജനങ്ങൾക്ക് ബ്രാൻഡിംഗ് ചെയ്യുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ചു വരുന്നു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി വയനാടൻ കാപ്പിപ്പൊടി "മലബാർ" എന്ന ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നവകേരളത്തിന്റെ ഉന്നമനത്തിനായി പ്രഖ്യാപിച്ച 25 ഇന പരിപാടികളിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കുരുമുളക്, ഏലം, ജാതിക്ക തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ വിലത്തകർച്ച പരിഗണിച്ച് സുഗന്ധവ്യഞ്ജന കർഷകർക്ക് പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകൾക്കായുള്ള പാക്കേജുകൾ പ്രകാരം നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.<br>വയനാട് പാക്കേജിൽ സംയോജിത കുരുമുളക് വികസനത്തിനായി 1062.45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കൽ, പുനരുജ്ജീവനം, ദ്രുത വാട്ടത്തിന് എതിരെയുള്ള കീടനിയന്ത്രണം എന്നീ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടന്നു വരുന്നു. വികേന്ദ്രീകൃത നഴ്സറികളുടെ സ്ഥാപനം, മാതൃ തോട്ടങ്ങളുടെ സംരക്ഷണം, സാങ്കേതിക വിദ്യയുടെ പ്രചരണം, കുരുമുളക് സമിതി പ്രവർത്തനങ്ങളുടെ ഏകോപനം, തദ്ദേശീയ സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള ഡോക്യുമെന്റേഷൻ, മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീമിന്റെ ശാക്തീകരണം, ലഘുലേഖകളും റഫറൻസ് മെറ്റീരിയലുകളും പ്രസിദ്ധീകരിക്കൽ, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകളുടെ പ്രവർത്തനം എന്നിവയ്ക്ക് |

| | |
|---|---|
| | പദ്ധതി പ്രകാരം ധനസഹായം നടത്തി വരുന്നു. പദ്ധതി ഘടകങ്ങളുടെ ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം.1 ൽ ചേർത്തിരിക്കുന്നു.<br>ഇടുക്കി പാക്കേജിനായി 402.9 ലക്ഷം രൂപ കുരുമുളക്, ജാതി, ഗ്രാമ്പൂ എന്നീ സുഗന്ധവ്യഞ്ജന വിളകളുടെ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി ഘടകങ്ങളുടെ വിശദാംശവും ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾ അനുബന്ധം - 2 – ൽ ചേർത്തിട്ടുണ്ട്.<br>കാസർഗോഡ് വികസന പാക്കേജിൽ പദ്ധതികൾ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ഫണ്ട് പ്രത്യേകമായി വകയിരുത്തിയിട്ടില്ല |
| (സി) വിവിധ ഉല്പന്നങ്ങളുടെ വിപണി ഇടപെടലിനായി നീക്കിവെച്ചിരിക്കുന്ന തുകയുടെ വിനിയോഗം അറിയിക്കാമോ; | (സി) ഉത്സവകാലങ്ങളിൽ കർഷകർക്ക് ന്യായ വില ഉറപ്പാക്കുവാൻ വേണ്ടി കൃഷി വകുപ്പിന്റെ നേരിട്ടുള്ള ആഭിമുഖ്യത്തിൽ 14 ജില്ലകൾക്കായി 810 ലക്ഷം രൂപയും (ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം.3 ആയി ചേർത്തിരിക്കുന്നു) ഹോർട്ടികോർപ്പിന് 979.5 ലക്ഷം രൂപയും വി.എഫ്.പി.സി.കെയ്ക്ക്, 120 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. പച്ചക്കറി വികസന പദ്ധതി പ്രകാരം കർഷകർക്ക് പച്ചക്കറി വിപണനം ചെയ്യുന്നതിനായി 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകളും 240 ക്ലസ്റ്റർ മാർക്കറ്റുകളും 453 ക്ലസ്റ്ററുകളും 440 ഇക്കോഷോപ്പുകളും പ്രവർത്തിച്ചു വരുന്നു. വിപണി ഇടപെടൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 578.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് വിശദാംശങ്ങൾ അനുബന്ധം.4 ആയി ചേർത്തിട്ടുണ്ട്.<br>റബ്ബർ പ്രൊഡക്ഷൻ ഇൻസെൻറ്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവിലയായ 150/- രൂപയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വില വ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെൻറ്റീവ് സ്കീമിനായി ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 298.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>സപ്ലൈകോ മുഖാന്തിരം 246.96 കോടി രൂപയ്ക്ക് 9,76,13,154 കി.ഗ്രാം നെല്ല് |

| | |
|---|---|
| | സംഭരിച്ചിട്ടുണ്ട്. ഇതിൽ 209.05 കോടി രൂപ നൽകി കഴിഞ്ഞു. |
| (ഡി) നെല്ല്, നാളികേരം, വാഴ, പച്ചക്കറി, പുഷ്പകൃഷി എന്നിവയ്ക്കായുള്ള പ്രത്യേക കാർഷിക മേഖലകൾ പ്രഖ്യാപിച്ചതിന്റെയടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) കോഴിക്കോട് ജില്ലയിൽ നാളികേരം പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കുന്നുമ്മൽ, തൂണേരി, പേരാമ്പ്ര ബ്ലോക്കുകളിൽപ്പെട്ട 21 പഞ്ചായത്തുകളിലെ 71,441 ഹെക്ടർ കേരകൃഷി പ്രദേശത്തെ പ്രത്യേക കാർഷിക മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുത്താളി, നരിപ്പറ്റ, വേളം, നാദാപുരം എന്നീ നാല് കാർഷികകർമ്മസേനകൾക്ക് ട്രാക്ടർ, ടില്ലർ, കാട്ടുവെട്ട് യന്ത്രം, ചെയിൻ സാ (Chain Saw) തുടങ്ങിയ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും യന്ത്രവിതരണം പുരോഗമിക്കുകയും ചെയ്തുവരുന്നുണ്ട്. തൂണേരി ബ്ലോക്കിലെ വാണിമേൽ, വളയം എന്നീ പഞ്ചായത്തുകളിലും കുന്നുമ്മൽ ബ്ലോക്കിലെ കാവിലുംപാറ, മരുതോങ്കര, കുറ്റ്യാടി, കായക്കൊടി എന്നീ പഞ്ചായത്തുകളിലും പേരാമ്പ്ര ബ്ലോക്കിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലും തെങ്ങുകളിലെ സംയോജിത കീടരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.<br>2018-19 വർഷം വിവിധ പ്രത്യേക കാർഷിക മേഖലകളിൽ നടപ്പിലാക്കുന്ന ഘടകങ്ങൾ അനുബന്ധം(5) ആയി ചേർത്തിരിക്കുന്നു. |

ഡെപ്യൂട്ടി സെക്രട്ടറി

## അനുബന്ധം - I
## വയനാട് പാക്കേജ് ( 2018-19)

### സംയോജിത കുരുമുളകു വികസന പദ്ധതി

| ക്രമ നം. | പദ്ധതിയുടെ പേര് | എണ്ണം | വകയിരുത്തിയിരിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | നടീൽ വസ്തുക്കൾക്ക് ധനസഹായം | 1,75,000 | 17.5 |
| 2 | കുരുമുളകുതോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കൽ (ഹെക്ടറിന് 20,000 രൂപ ധനസഹായം) | 155 ഹെക്ടർ | 31.0 |
| 3 | കുരുമുളകുതോട്ടങ്ങളുടെ പുനരുജ്ജീവനം (ഹെക്ടറിന് 20,000 രൂപ വീതം) | 2616 ഹെക്ടർ | 523.22878 |
| 4 | ദ്രുതവാട്ടരോഗത്തിനെതിരെ സംയോജിത കീടനിയന്ത്രണം (ഹെക്ടറിന് 10,000 രൂപ വീതം) | 3903 ഹെക്ടർ | 390.2717 |
| 5 | വികേന്ദ്രീകൃത നഴ്സറികളുടെ സ്ഥാപനം | 10 | 3.0 |
| 6 | സെക്കന്ററി, സൂക്ഷ്മ മൂലകങ്ങളുടെയും ജൈവ കീടനാശിനിയുടെ പ്രയോഗം ലേബർ ചാർജ്ജ് ഉൾപ്പെടെ (ഹെക്ടറിന് 2000 രൂപ വീതം) | 518 | 10.36 |
| 7 | മാതൃതോട്ടങ്ങളുടെ സംരക്ഷണം (ഒരു സ്റ്റാൻഡേർഡിന് 250 രൂപ നിരക്കിൽ) | 18.58ഹെക്ടർ | 46.45 |
| 8 | ഫാർമേഴ്സ് ഫീൽഡ് സ്ക്കൂൾ (70,000/FFS) | 6 | 4.2 |
| 9 | പുതിയ സാങ്കേതിക വിദ്യയുടെ പ്രചാരണത്തിന് (10,000/FLD) | 6 | 0.60 |
| 10 | മാതൃകാതോട്ടങ്ങൾ സന്ദർശിക്കുന്നതിന് ധനസഹായം | 7 | 1.75 |

| | | | |
|---|---|---|---|
| 11 | ITK ഉൾപ്പെടെ ഡോക്കുമെന്റേഷൻ 50,000/ ബ്ലോക്ക് | --- | 2.0 |
| 12 | MDDT – യുടെ ശാക്തീകരണം | 2 | 0.24 |
| 13 | പുതിയ പ്രാദേശിക സംരംഭങ്ങൾക്ക് ധനസഹായം (പഞ്ചായത്തിന് ഒരു ലക്ഷം രൂപ വീതം) | 6 | 5.05 |
| 14 | കുരുമുളകു സമിതികൾ ശക്തിപ്പെടുത്തൽ (ഒരു സമിതിക്ക് 10,000 രൂപ നിരക്കിൽ) | 200 | 20.0 |
| 15 | ലഘുരേഖകളും റഫറൻസ് മെറ്റീരിയലുകളും പ്രസിദ്ധീകരിക്കുന്നതിന് | --- | 4.0 |
| 16 | മറ്റ് ചിലവുകൾ | --- | 2.8 |
| **ആകെ** | | | **1062.45048 ലക്ഷം** |

SHAJAN.A
Deputy Secretary
Agric... (...TO Cell) Dept.
Govt. Secretariat, Thiruvananthapuram

## അനുബന്ധം - 2

## ഇടുക്കി പാക്കേജ്

| ക്രമ നം. | പദ്ധതിയുടെ പേര് | ഭൗതിക ലക്ഷ്യം | വകയിരുത്തിയിരിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കുരുമുളകുതോട്ടങ്ങളുടെ കൃഷി വ്യാപനം (ഹെക്ടറിന് 20,000 രൂപ വീതം) | 993.625 ഹെക്ടർ | 198.725 |
| 2 | സ്വന്തം കൃഷിയിടത്തിൽ നിന്നുള്ള ഉത്പാദനം (യൂണിറ്റിന് 20,000 രൂപ വീതം) | 2 ഹെക്ടർ | 0.40 |
| 3 | കൃഷിക്കാർ വികസിപ്പിച്ചെടുത്ത ഇനങ്ങളുടെ പ്രദർശനത്തോട്ടം (0.1 ഹെക്ടറിന് 10,000 രൂപ വീതം) | 4 എണ്ണം | 0.40 |
| 4 | മണ്ണിതരമീഡിയം ഉപയോഗിച്ചുള്ള കുരുമുളകു നഴ്സറികൾ (നഴ്സറികൾക്ക് 60,000 രൂപ വീതം) | 1 എണ്ണം | 0.60 |
| 5 | a. സെക്കന്ററി, സൂക്ഷ്മ മൂലകങ്ങൾക്ക് ധനസഹായം (ഹെക്ടറിന് 500 രൂപ വീതം<br>b. മണ്ണ് സാമ്പിൾ ശേഖരണം | 550 ഹെക്ടർ | 2.75<br>0.25 |
| 6 | സോയിൽ അമിലിയൊറൻസിന് ധനസഹായം (ഹെക്ടറിന് 5400 രൂപ വീതം) | 710 ഹെക്ടർ | 38.34 |
| 7 | ദ്രുതവാട്ടത്തിനെതിരെ കീടനിയന്ത്രണം (ഹെക്ടറിന് 10,000 രൂപ നിരക്കിൽ) | 1495 ഹെക്ടർ | 149.5 |
| 8 | കുരുമുളകുസമിതികളുടെ പുനരുജ്ജീവനം (ഹെക്ടറിന് 25,000 രൂപ നിരക്കിൽ) | 34 | 8.5 |
| 9 | മറ്റ് ചിലവുകൾ | --- | 3.43893 |
| | ആകെ | | **402.90393 ലക്ഷം** |

SHAJAN.A
Deputy Secretary
Agriculture (WTO Cell) Dept.
Govt. Secretariat, Thiruvananthapuram

## അനുബന്ധം .3

## 2018 ഓണം - ബക്രീദ് വിപണികളുടെ നടത്തിപ്പിനായി ജില്ലകൾക്ക് അനുവദിച്ച തുക

| ക്രമ നം. | ജില്ലയുടെ പേര് | ആകെ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 67.20 |
| 2 | കൊല്ലം | 57.60 |
| 3 | പത്തനംതിട്ട | 45.00 |
| 4 | ആലപ്പുഴ | 57.60 |
| 5 | കോട്ടയം | 58.20 |
| 6 | ഇടുക്കി | 50.40 |
| 7 | എറണാകുളം | 70.20 |
| 8 | തൃശ്ശൂർ | 75.00 |
| 9 | പാലക്കാട് | 67.80 |
| 10 | മലപ്പുറം | 75.60 |
| 11 | കോഴിക്കോട് | 59.40 |
| 12 | വയനാട് | 26.40 |
| 13 | കണ്ണൂർ | 64.20 |
| 14 | കാസർഗോഡ് | 35.40 |
| | ആകെ | **810.00** |

SHAJAN.A
Deputy Secretary
Agriculture (WTO Cell) Dept.
Govt. Secretariat, Thiruvananthapuram

# അനുബന്ധം - 4

## വിപണി ഇടപെടൽ - പച്ചക്കറി വികസന പദ്ധതി

| ക്രമ നം | മാർക്കറ്റ് | എണ്ണം | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾ | 2 | അടിസ്ഥാന സൗകര്യ വികസനം, വിപണി ഇടപെടൽ<br>റിവോൾവിംഗ് ഫണ്ട് | 20<br>10 |
| 2 | എ.ഗ്രേഡ് ക്ലസ്റ്ററുകൾ | 12 | സാമ്പത്തിക സഹായം | 75.6 |
| 3 | ക്ലസ്റ്ററുകൾ | 453 | റിവോൾവിംഗ് ഫണ്ട് | 453 |
| 4 | മികച്ച രീതിയിൽ പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾ | 4 | അധിക ധനസഹായം | 20 |
| | | | ആകെ • | 578.6 |

SHAJAN.A
Deputy Secretary
Agriculture (WTO Cell) Dept.
Govt. Secretariat, Thiruvananthapuram

# അനുബന്ധം - 5

വിവിധ പ്രത്യേക കാർഷിക മേഖല സോണുകളിൽ 2018-19വർഷത്തിൽ നടപ്പിലാക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രത്യേക കാർഷിക മേഖല | 2018-19-ൽ നടപ്പിലാക്കുന്ന പ്രവർത്തനം | തുക (ലക്ഷം രൂപ) |
|---|---|---|---|
| 1 | നെല്ല് - കുട്ടനാട് | വെർട്ടിക്കൽ ആക്സിയൽ ഫ്ലോപമ്പുകളുടെ സ്ഥാപനം | 101.00 |
| 2 | നെല്ല് - കോൾ-തൃശ്ശൂർ | 1. വെർട്ടിക്കൽ ആക്സിയൽ ഫ്ലോപമ്പുകളുടെ സ്ഥാപനം | 120.00 |
| | | 2. സൗരോർജ്ജ പാനലുകലുടെ സ്ഥാപനം(പമ്പുസെറ്റുകൾക്കുവേണ്ടി) | 60.00 |
| | | 3. കയർ ഭൂവസ്ത്ര വിതാനം | 20.00 |
| | | 4. വിള ആരോഗ്യ ക്ലിനിക്കുകൾ | 15.00 |
| | | 5. ജില്ലാ റഫറൽ സസ്യ ആരോഗ്യ ക്ലിനിക്കുകൾ | 15.00 |
| | | ആകെ | 230.00 |
| 3 | നെല്ല് - കോൾ-മലപ്പുറം | അടിസ്ഥാന സൗകര്യ വികസനം (മോട്ടോർ പമ്പ് സെറ്റുകൾ, പാറ്റൽ യന്ത്രം മുതലായവ ഉൾപ്പടെ) | 69.50 |
| 4 | നെല്ല് - പൊക്കാളി - എറണാകുളം | പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾ | 28.31 |
| 5 | നെല്ല്-പൊക്കാളി-തൃശ്ശൂർ | 20 സ്ലൂയിസുകളുടെ സ്ഥാപനവും ബണ്ട് നിർമ്മാണവും | 16.00 |
| 6 | നെല്ല്-പാലക്കാട് | പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾ | 60.82 |
| 7 | നെല്ല്-വയനാട് | 1. പശ്ചാത്തല സൗകര്യ വികസനം | 100.00 |
| | | 2. പരമ്പരാഗത നെല്ലിനങ്ങളുടെയും | 15.00 |

| | | | |
|---|---|---|---|
| | | തനത് നെല്ലിനങ്ങളുടെയും സംരക്ഷണവും കൃഷിവ്യാപനവും | |
| | | ആകെ | 115.00 |
| 8 | നെല്ല്-കൈപ്പാട് | 1. ബണ്ടുകൾ | 11.90 |
| | | 2. വയൽ കനാലുകൾ | 15.00 |
| | | 3. ടില്ലർ പാത ഒരുക്കൽ | 3.00 |
| | | 4. ജലനിർഗമന കനാൽ നിർമ്മാണം | 3.00 |
| | | ആകെ | 32.90 |
| 9 | നെല്ല്-ഓണാട്ടുകര | പശ്ചാത്തല സൗകര്യ വികസനം | 15.00 |
| 10 | പച്ചക്കറി-കഞ്ഞിക്കുഴി | 1. കാർഷിക കർമ്മ സേനയ്ക്ക് യന്ത്രങ്ങൾ | 24.00 |
| | | 2. സ്ഥിരം പന്തൽ | 27.00 |
| | | 3. വാൽക്കുളം | 0.78 |
| | | ആകെ | 51.78 |
| 11 | പച്ചക്കറി-ദേവികുളം | 1. അഗ്രോ ഫാർമസി | 6.00 |
| | | 2. സസ്യ ആരോഗ്യ ക്ലിനിക് | 5.00 |
| | | 3.അഗ്രോമെഷിനറി സെന്റർ | 34.70 |
| | | 4. തേനീച്ചകൂടുകൾ കൊണ്ടുള്ള ജൈവവേലി | 11.25 |
| | | 5. കാരറ്റ്, ബീറ്റ്റൂട്ട് വൃത്തിയാക്കി പാക്ക് ചെയ്യുന്ന യന്ത്രം | 12.00 |
| | | 6. പുൽത്തൈലം വാറ്റുന്ന യൂണിറ്റ് | 7.50 |
| | | ആകെ | 76.45 |

| | | | |
|---|---|---|---|
| 12 | പച്ചക്കറി-ചിറ്റൂർ-നെന്മാറ | 1. വിള ആരോഗ്യ ക്ലിനിക്കുകൾ | 10.00 |
| | | 2. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ | 61.24 |
| | | ആകെ | 71.24 |
| 13 | പച്ചക്കറി - പഴയന്നൂർ | 1. ഫാം യന്ത്രവൽക്കരണം | 15.00 |
| | | 2. പാക്കിംഗ്, ലേബലിംഗ് മുതലായവ | 5.00 |
| | | ആകെ | 20.00 |

| | | | |
|---|---|---|---|
| 14 | നാളികേരം-കോഴിക്കോട് | 1. കാർഷിക കർമ്മസേനയ്ക്ക് യന്ത്രങ്ങൾ | 40.00 |
| | | 2. വിള സംരക്ഷണ യജ്ഞം | 15.00 |
| | | ആകെ | 55.00 |
| 15 | വാഴ-തൃശ്ശൂർ | 1. പാക്ക് ഹൗസ് | 7.00 |
| | | 2. ചെങ്ങാലിക്കോടൻ, നേന്ത്രൻ പ്രോത്സാഹനം | 15.00 |
| | | ആകെ | 22.00 |
| 16 | പൂക്കൾ-വയനാട് | പൂ വിപണന സംഘം രൂപീകരണം | 20.00 |
| | | **ആകെ** | **985.00** |

മേൽ ഘടകങ്ങളുടെ പൂർത്തീകരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു

SHAJAN.A
Deputy Secretary
Agriculture (WTO Cell) Dept.
Govt. Secretariat,Thiruvananthapuram